ഏക്കർ ഭൂമി കൈമാറുന്നതിന് പഞ്ചായത്തു കമ്മിറ്റി എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് ഇതുവരെ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കാമോ ;

(ബി) ഭൂമി കൈമാറ്റം സംബന്ധിച്ച ഫയലിൽ തീരുമാനമെടുക്കുന്നതിനുള്ള കാലതാമസം വ്യക്തമാക്കാമോ ; ഈ ഫയലിൽ തീരുമാനമെടുത്ത് കിലയ്ക്ക് ഭൂമി കൈമാറുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ; ഈ ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഞീഴൂർ പഞ്ചായത്തിൽ ഞീഴൂർ വില്ലേജിൽ സർവ്വേ 419/1-ൽപ്പെട്ട 5 ഏക്കർ പുറമ്പോക്ക് സ്ഥലം, കിലയുടെ റീജിയണൽ സെന്റർ സ്ഥാപിക്കുന്നതിന് കൈമാറുന്നതിനാണ് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിരുന്നത്. നിലവിലെ നിയമപ്രകാരം പുറമ്പോക്ക് ഭൂമി ആർക്കെങ്കിലും പതിച്ചുനൽകാൻ സാധ്യമല്ല. പഞ്ചായത്ത് രാജ് ആക്ട് ചട്ടം 279(2) പ്രകാരം വിജ്ഞാപനംമൂലം ഭൂമി ആക്ടിന്റെ പരിധിയിൽനിന്നും ഒഴിവാക്കി സർക്കാരിലേക്ക് പുനർനിക്ഷിപ്തമാക്കി റവന്യൂ വകുപ്പ് അഡ്മിനിസ്റ്റർ ചെയ്യുന്ന ഭൂമി പതിച്ചുകൊടുക്കൽ ചട്ടങ്ങളും നിയമങ്ങളും പ്രകാരം പതിച്ചുനൽകാനേ സാധിക്കുകയുള്ളൂ. ആയതിനാൽ മേൽപ്പറഞ്ഞ പുറമ്പോക്ക് ഭൂമി കിലയുടെ റീജിയണൽ സെന്റർ സ്ഥാപിക്കുന്നതിന് വിട്ടുകൊടുക്കുന്നതിനായി സർക്കാരിൽ പുനർ നിക്ഷിപ്തമാക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത് തീരുമാനമെടുത്ത് സർക്കാരിന്റെ മുൻകൂർ അനുമതിക്കായി അപേക്ഷിക്കുവാൻ ഞീഴൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

തുറവൂർ ഓഡിറ്റോറിയം തുറന്ന് കൊടുക്കാൻ നടപടി

214 (4257) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ തുറവൂർ പഞ്ചായത്തിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ഓഡിറ്റോറിയം ജനങ്ങൾക്കായി തുറന്നു കൊടുക്കാത്തതിന്റെ കാരണം വിശദമാക്കാമോ ;

(ബി) ഇത് എന്നത്തേക്ക് തുറന്നു കൊടുക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) അങ്കമാലി നിയോജക മണ്ഡലത്തിലെ തുറവൂർ പഞ്ചായത്തിലെ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ഓഡിറ്റോറിയം 28-6-2015-ന് നടന്ന ഗ്രാമസഭാ യോഗത്തിൽ വച്ച് ജനങ്ങൾക്കായി തുറന്നുകൊടുത്തിട്ടുണ്ട്.

കുറ്റൂർ ശ്രീ. വി. ജി. ശ്രീകുമാറിന്റെ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി

215 (4258) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റൂർ പഞ്ചായത്തിൽ 3-ാം വാർഡിൽ കുറ്റൂർ വില്ലേജിൽ വള്ളകുളം റോഡിൽ അലത്തോട്ട് കവലയ്ക്ക് സമീപം സർവ്വേ നമ്പർ 18/4-ൽ ശ്രീ. വി. ജി. ശ്രീകുമാർ നിർമ്മിച്ച പൂർത്തിയാക്കിയ വീടിന് നമ്പർ കൊടുക്കുന്നതിനുള്ള അപേക്ഷ നിരസിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) പ്രസ്തുത വീടിന് ബിൽഡിംഗ് പെർമിറ്റ് നൽകിയിട്ടുണ്ടോ ;

(സി) ബിൽഡിംഗ് പെർമിറ്റ് നൽകുകയും ബിൽഡിംഗ് പെർമിറ്റിന് വിരുദ്ധമായി നിർമ്മാണം നടത്തിയാൽ പൊളിച്ചുകളയാമെന്ന് ഉടമസ്ഥൻ അണ്ടർടേക്കിംഗ് നൽകിയതിന്റെ അടിസ്ഥാനത്തിൽ വീട് നമ്പർ കൊടുക്കാതിരിക്കുന്നതിന്റെയും കാരണം വ്യക്തമാക്കുമോ ;

(ഡി) ശ്രീ. വി. ജി. ശ്രീകുമാറിന്റെ പിതാവ് ശ്രീ. വി. കെ. ഗോപാലൻ പിള്ള പ്രസ്തുത കാര്യം സംബന്ധിച്ച് 16-11-2014-ൽ സർക്കാരിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ;

(ഇ) പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായി ഗ്രാമപഞ്ചായത്തിൽ നിന്ന് അംഗീകരിച്ച് നൽകിയ കെട്ടിട നിർമ്മാണ അനുമതിക്ക് വിരുദ്ധമായി കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 220(ബി) വകുപ്പ് ലംഘിച്ചാണ് ശ്രീ. വി. ജി. ശ്രീകുമാർ കെട്ടിടം നിർമ്മിച്ചിട്ടുള്ളത്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly